## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**പി.എം.ജി.എസ്.വൈ പദ്ധതി**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3514

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ യിൽ സംസ്ഥാനം സമർപ്പിച്ച ഗ്രാമീണ റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ പ്രകാരം സംസ്ഥാനത്ത് 2703.63 കി.മീ. ദൈർഘ്യം വരുന്ന 1173 റോഡുകളാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 2012-2013 സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം 906 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പ്രോജക്ടുകളാണ് സമർപ്പിച്ചി ട്ടുള്ളത്. ഇതിന് അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | എത്ര കിലോമീറ്റർ റോഡിനാണ് അനുമതി നൽകിയതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനം സമർപ്പിച്ച 906 കി.മീ. ൽ 746 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ അംഗീകാരം 26/3/2013 ന് ചേർന്ന കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അനുമതി ലഭിച്ചിട്ടില്ല. |
| (സി) | റോഡുകളുടെ നിർമ്മാണത്തിന് എന്ത് തുകയാണ് സഹായമായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | 746 കി.മീ ദൈർഘ്യം വരുന്ന റോഡുകൾക്ക് 457.03 കോടി രൂപയാണ് കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നത്. |
| (ഡി) | പദ്ധതിയനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നാരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ; | (ഡി) | കേന്ദ്രസർക്കാരിൽ നിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് 2013-14 സാമ്പത്തിക വർഷം തന്നെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഈ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ സംസ്ഥാനത്തിന് പുതുതായി റോഡുകൾ അനുവദിക്കുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തെന്ന് വിശദമാക്കുമോ? | (ഇ) | പി.എം.ജി.എസ്.വൈയുടെ രണ്ടാം ഘട്ടത്തിൽ റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ